ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ വില്ലേജ് ഓഫീസിന് അനുയോജ്യമായ മറ്റൊരു വാടകക്കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലേക്ക് വില്ലേജ് ഓഫീസ് മാറ്റാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അന്വേഷിക്കുന്നുണ്ട്.

(ഡി) 24 വില്ലേജുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ പേര് താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

കോഴിക്കോട് താലൂക്ക്

1. ഫറോക്ക്
2. വളയനാട്
3. പുതുപ്പാടി
4. കക്കോടി
5. ചെലവൂർ
6. കോട്ടൂളി
7. പന്തീരാങ്കാവ്
8. പെരുവയൽ
9. പെരുമണ്ണ
10. കുറ്റികാട്ടൂർ
11. താരോത്ത്
12. മടവൂർ

കൊയിലാണ്ടി താലൂക്ക്

1. മൂടാടി
2. കൊഴുക്കല്ലൂർ
3. പയ്യോളി
4. തുറയൂർ
5. കൂരാച്ചുണ്ട്
6. അത്തോളി
7. ഉണ്ണികുളം
8. കിനാലൂർ

വടകര താലൂക്ക്

1. ചോറോട്
2. നടക്കു താഴെ
3. മണിയൂർ
4. ഏറാമല

ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ

8 [1296] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി നടത്തിയിട്ടുള്ള പ്രാഥമിക എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഫൈനൽ പരീക്ഷ എന്ന് നടത്താനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം കണക്കാക്കിവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം റവന്യൂ ടവർ

9 [1297] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്ത് റവന്യൂ ടവർ നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് റവന്യൂ വകുപ്പ് വകയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി, സി & ഡി) "എ" ചോദ്യത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

വില്ലേജുമാൻ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്

10 [1298] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജുമാൻ തസ്തികയിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly